ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. **DTETVM/202/2024-EA2 (EA)** തീയതി: **27-09-2026**

പരിപത്രം

വിഷയം:- വിദ്യാഭ്യാസം- സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - ഇ-ഓഫീസിൽ ഫയൽ കൈകാര്യം ചെയ്യുന്നതും അയക്കുന്നതും - സംബന്ധിച്ച്.

സൂചന:- 1. ഈ കാര്യാലയത്തിലെ ഇതേ നമ്പർ പരിപത്രം തീയതി:**21.01.2025.**
2. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ യോഗ നടപടിക്കുറിപ്പ് തീയതി:**23.07.2026**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയതിന്റെ ഭാഗമായി, വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ നിന്നും ഡയറക്ടറേറ്റിലേക്കുള്ള തപാൽ കൈമാറ്റം ഓൺലൈൻ ആയി നടപ്പിലാക്കുന്നത് സംബന്ധിച്ച് **(CRU** മുഖേന) വ്യക്തമായ നിർദ്ദേശം സൂചന **(1)** പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഇ - ഓഫീസ് സംവിധാനം നടപ്പിലാക്കി നാളിതുവരെയായിട്ടും ടി നിർദ്ദേശം കൃത്യമായി നടപ്പിലാക്കുന്നതിൽ സ്ഥാപന മേധാവികളുടെ ഭാഗത്ത് നിന്നും അലംഭാവം നേരിട്ടിട്ടുള്ളതായി ബോധ്യപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ ചുവടെ ചേർത്തിരിക്കുന്ന നിർദേശങ്ങൾ കൃത്യമായി പാലിച്ച് കൊണ്ട് മാത്രം ഡയറക്ടറേറ്റിലെ തപാലുകൾ അയക്കേണ്ടതാണ് എന്ന് അറിയിക്കുന്നതിനോടൊപ്പം, പേപ്പർ രഹിത സംവിധാനം പ്രയോജനപ്പെടുത്തി തപാൽ അയക്കുന്നതിന് സ്ഥാപന മേധാവിയുടെ കൃത്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ് എന്നും ഇതോടൊപ്പം അറിയിക്കുന്നു.

1. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് ഇ-ഓഫീസ് വഴി ഫയൽ അയക്കുന്നത് സംബന്ധിച്ച്.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഇൻവേഡ് സെക്ഷനിൽ **CRU1, CRU2, CRU3, CRU4** എന്നിങ്ങനെയുള്ള നാല് **CRU (CENTRAL REGISTRY UNIT)** യൂസേർസ് ആണ് ഉള്ളത്. വകുപ്പിനു കീഴിലെ ചില സ്ഥാപനങ്ങളിൽ നിന്നും മേൽപറഞ്ഞ നാലു **CRU** യൂസേർസിലേക്കും ഒരേ തപാൽ അയക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നു. മാത്രമല്ല ഇത് മൾട്ടിപ്പിൾ ഫയൽ നമ്പറിങ്ങിന് ഇടയാക്കുന്നു. ഇ-ഓഫീസ് നടപ്പിലാക്കിയിട്ടും ഇതേ ഫയലുകളുടെ ഹാർഡ്കോപ്പിയും ചില സ്ഥാപനങ്ങൾ അയക്കുന്നുണ്ട്. ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കാനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ സ്ഥാപനങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

1. ഡയറക്ടറിലേക്ക് അയക്കേണ്ട CRU യൂസർ ഐഡികൾ

i) എഞ്ചിനിയറിങ് കോളേജുകളിൽ നിന്നും അയക്കുന്ന തപാലുകൾ **CRU1 DTE** (മെയിൽ ഐഡി: **cru1.dte@kerala.gov.in)** ലേക്ക് മാത്രമേ അയക്കാവൂ.

ii) പോളിടെക്നിക് കോളേജുകളിൽ നിന്നും അയക്കുന്ന തപാലുകൾ **CRU2 DTE** (മെയിൽ ഐഡി: **cru2.dte@kerala.gov.in)** ലേക്ക് മാത്രമേ അയക്കാവൂ.
iii) ടിഎച്ച്എസ്. ജിസിഐ എന്നീ സ്ഥാപനങ്ങളിൽ നിന്നും അയക്കുന്ന തപാലുകൾ **CRU3 DTE** (മെയിൽ ഐഡി **cru3.dte@kerala.gov.in)** ലേക്ക് മാത്രമേ അയക്കാവു.
iv) സബ്-ഓഫീസുകൾ, സി.എഫ്.എ എന്നീ സ്ഥാപനങ്ങളിൽ നിന്നും അയക്കുന്ന തപാലുകൾ **CRU4 DTE**(മെയിൽ ഐഡി: **cru4.dte@kerala.gov.in)** ലേക്ക് മാത്രമേ അയക്കാവു.

11. സപ്പോർട്ടിങ് ഡോക്യുമെൻറ്സ് ആവശ്യമില്ലാത്ത തപാലുകൾ ഇ-ഓഫീസിൽ മാത്രം ഫോർവേഡ് ചെയ്താൽ മതിയാകും. ഇതിൻ്റെ ഹാർഡ് കോപ്പി അയക്കുന്നത് കർശനമായി വിലക്കിയിരിക്കുന്നു.

എല്ലാ സ്ഥാപനങ്ങൾക്കും **CRU** ഐഡി ക്രിയേറ്റ് ചെയ്തു നല്കിയിട്ടുണ്ട്. ഈ **CRU** ഐഡിയിൽ നിന്നും ഫയലുകൾ ഇൻവെർഡ്/ഡിസ്പാച് ചെയ്യാവുന്നതാണ്. **CRU** ഐഡി അറിയാത്ത സ്ഥാപനങ്ങൾ ഐറ്റി ഡിവിഷനിലേക്ക് ഇമെയിൽ **(dteitdivision@gmail.com)** അയക്കേണ്ടതാണ്.

Digitally signed by Sumesh Kumar C
Date: 27-09-2026 23:33:08

SUMESH KUMAR.C

SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി